നം. ഇ4- 3534/18

വിവരാവകാശം/മറുപടി
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 26/03/2018
Email - swdkerala@gmail.com
Phone – 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്

ശ്രീ. ബിജു. എം
തോട്ടുർ വിളാകം
പുത്തൻവീട്
വെടിവച്ചാൻകോവിൽ പി.ഒ
തിരുവനന്തപുരം

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ജീവനക്കാര്യം – വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 9/03/2018 ലെ അപേക്ഷ.

2005 ലെ വിവരാവകാശ നിയമ പ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അറ്റൻഡർ, ബൈൻഡർ തസ്തികകളിലേയ്ക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷന് അർഹതയുണ്ട്. കൂടാതെ വകുപ്പിലെ ക്ലാർക്ക്/L.D ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നൽകി നികത്തുന്നു.
2. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിന് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷത്തെ സർവ്വീസ് പൂർത്തിയാക്കേണ്ടതുണ്ട്.
3. വാച്ച്മാൻ തസ്തികയിലെ ജീവനക്കാർ നിലവിൽ വൈകിട്ട് 5 മണി മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയാണ് ഡ്യൂട്ടി നോക്കുന്നത്. 6 ദിവസം തുടർച്ചയായി ഡ്യൂട്ടി നോക്കുന്ന വാച്ച്മാന് ഒരു ദിവസം ഡ്യൂട്ടി ഓഫ് ലഭിക്കും. ഒരു മാസം എത്ര ഡ്യൂട്ടി ഓഫ് എടുക്കാം എന്ന് നിജപ്പെടുത്തിയിട്ടില്ല.

Dh/-

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. ഗീത. കെ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിട്ടി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

S. രാജീവ് കുമാർ
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക്
ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

FCD
27/3/18

Dh/-